**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1184** **18-09-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജ് ഇനത്തിൽ 31-07-2025-ലെ ഡി.സി.ബി പ്രകാരമുള്ള കുടിശ്ശിക താഴെ പറയും പ്രകാരമാണ്<br><br>1. ഗാർഹികം: 324.63 കോടി രൂപ<br>2. ഗാർഹികേതരം: 191.89 കോടി രൂപ<br>3. വ്യാവസായികം: 3.42 കോടി രൂപ<br>4. സ്പെഷ്യൽ : 4.87 കോടി രൂപ<br>5. മറ്റിനങ്ങൾ : 138.48 കോടി രൂപ<br>6. എൽ.എസ്.ജി.ഡി. (പൊതു ടാപ്പുകൾ): 588.98 കോടി രൂപ<br><br>ആകെ : 1252.27 കോടി രൂപ |
| (ബി) | എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണ് ഉള്ളതെന്നും അതിൽ പ്രവർത്തനരഹിതമായ മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം ജല അതോറിറ്റിക്ക് എത്ര വരുമാന നഷ്ടം ഉണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ജൂലൈ 2025-ലെ ഡി.സി.ബി പ്രകാരം ആകെ ഗാർഹിക കണക്ഷനുകളുടെ എണ്ണം: 43,71,535.<br><br>കേടായ മീറ്ററുകളുടെ എണ്ണം: 16,480<br><br>മീറ്ററുകൾ പ്രവർത്തിക്കാത്തത് കാരണം നിയമാനുസൃതമായ സർചാർജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രകടമായ നഷ്ടം ഉണ്ടാകുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തനരഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്. മീറ്ററുകൾ പ്രവർത്തന രഹിതമാകുമ്പോൾ മുൻമാസത്തെ റീഡിങ് അനുസരിച്ചുള്ള തുകയാണ് വാട്ടർ ചാർജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടു മാസം ജല ഉപഭോഗത്തിൻറെ മുൻ ശരാശരി പ്രകാരമുള്ള വാട്ടർ ചാർജിന്റെ 25%-വും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50%-വും ആറ് മാസം കഴിഞ്ഞാൽ 100%-വും സർചാർജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100% സർചാർജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തന രഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല. |

| | | | |
|---|---|---|---|
| | | | മീറ്റർ ഫോൾട്ടി ആണെന്ന് കണ്ടെത്തിയാൽ കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കുന്നതിനായി ഉപഭോക്താവിന് നോട്ടീസ് നൽകുന്നു. മൂന്ന് മാസത്തിന് ശേഷവും കേടായ വാട്ടർമീറ്റർ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതുമൂലം ജല അതോറിറ്റിക്ക് എത്ര തുകയുടെ നഷ്ടമുണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 35 - 40 ശതമാനത്തോളം വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റും ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങളാൽ ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി ജലനഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. വരുമാനരഹിത ജലത്തിന്റെ അളവ് കൃത്യമായി അറിയാത്തതിനാൽത്തന്നെ അതുമൂലമുള്ള നഷ്ടവും കൃത്യമായി കണ്ടെത്താൻ സാധിക്കില്ല. |
| (ഡി) | ജല അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ചു ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗം. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ കുറഞ്ഞ തുകക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.<br><br>കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986 ലെ ആക്ട് 14) പ്രകാരമാണ്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു കുടിവെള്ള ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്ത രീതിയിൽ ആയിരിക്കണമെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 |

| | | | |
|---|---|---|---|
| | | | സബ്സെക്ഷൻ (iii) അനുസരിച്ച ഗവൺമെന്റിന്റെ അനുമതിയില്ലാതെ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കുവാൻ സാധിക്കുകയില്ല.<br><br>വർഷാവർഷം വർദ്ധിച്ച വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതി ചെലവ്, അറ്റകുറ്റപണികളുടെ ചെലവ്, വായ്പ്പാ തിരിച്ചടവ് (പലിശ ഉൾപ്പടെ) എന്നിവക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകുവാൻ കാരണമാകുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കു പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 317.63 കോടി രൂപയും സഞ്ചിത നഷ്ടം 7156.76 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ